<u>രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി:31.01.2019.

നം.കെ.എസ്.എ-ഐ.ഡി.കെ-6/1403/2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്
സർ,

വിഷയം : വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇടുക്കി,തൊടുപുഴ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-6/1403/2018 തീയതി: 31.01.2019

## <u>ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.08.2017 മുതൽ 16.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.സിനി.എം.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.12.2108 മുതൽ 24.12.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. വി. ലേഖ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.എസ് രാജീവ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം.കെ അഭിലാഷ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശാന്തി ഹരിദാസ് | 01-04-2017മുതൽ 31-3-2018വരെ |
| സെക്രട്ടറി | ശ്രീ.ജോർജ്ജ് ജോസഫ് | 01-04-2017മുതൽ 27-12-2018വരെ |

| മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ. അനിൽ കുമാർ. എ | 01-04-2017 മുതൽ 14-06-2017വരെ |
| | ശ്രീ. ഹരികുമാർ. ആർ.എസ്. | 15-06-2017 മുതൽ 16-07-2017 വരെ |
| | ശ്രീ. അജയ് ജോർജ്ജ് | 17-06-2017 22-07-2017 വരെ |
| | ശ്രീ.റ്റി.ബി ഗോപകുമാർ | 23-07-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ്എഞ്ചിനീയർ | ശ്രീ.റ്റി.ആർ രമേശൻ | 01-04-2017 മുതൽ 31-3-2018 വരെ |
| കൃഷി ആഫീസർ | ശ്രീമതി. ലിനറ്റ് ജോർജ്ജ് | 01-04-2017 മുതൽ 30-10-2017 വരെ |
| | ശ്രീ. പ്രശാന്ത്. ബി | 31-10-2017 മുതൽ 31-03-2018 വരെ |
| മെഡിക്കലാഫീസർ (ആരോഗ്യം) | ഡോ.ഡോൺ ബോസ്കോ | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ. എം ജ്യോതിസ് | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ക്രിസ് ആന്റണി | 01-04-2017 മുതൽ 26-04-2017 വരെ |
| | ഡോ. അനുപമ. എം. | 27-04-2017മുതൽ 28-10-2017 വരെ |
| | ഡോ. വീണ. ആർ | 29-10-2017 മുതൽ 04-11-2017 വരെ 02-01-2018 മുതൽ 19-02-2018 വരെ |
| | ഡോ. മീര രവീന്ദ്രൻ | 05-11-2017 മുതൽ 01-01-2018 വരെ |
| | ഡോ. അഞ്ജന സുരേന്ദ്രൻ | 20-02-2018 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സ്നേഹ സേവ്യർ | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ(വാളാർഡി സർക്കിൾ) | ശ്രീമതി.ശാന്തി കെ. ബാബു | 01-04-2017മുതൽ 30-06-2017 വരെ |
| | ശ്രീ. ആർ മോഹൻ (അധിക ചുമതല) | 01-07-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ(വണ്ടിപ്പെരിയാർ സർക്കിൾ) | ശ്രീ.സുർജിത്ത് ശശി | 01-04-2017മുതൽ 30-06-2017 വരെ |

| | | |
|---|---|---|
| | ശ്രീ. ആർ മോഹൻ | 01-07-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മിസ്ട്രസ് ഗവ.യു.പി സ്കൂൾ മ്ലാമല | ശ്രീമതി. ജിബി പോൾ | 01-04-2017 മുതൽ 31-03-2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക | പൊതു അവലോകനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളുടെ അപാകതകൾ |
| 13 | 2-1 | നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നത് സംബന്ധിച്ച് |
| 14 | 2-2 | അർദ്ധവാർഷിക വരുമാനം കാണിക്കാതെ നികുതി തുക അടവാക്കുന്നു |
| 15 | 2-3 | സ്വകാര്യ സ്കൂളുകൾ നികുതി റിട്ടേണുകളിൽ കുറഞ്ഞ ശമ്പളം രേഖപ്പെടുത്തി നികുതി ഒടുക്കുന്നത് മൂലമുള്ള നഷ്ടം |
| 16 | 2-4 (എ) | ഡി&ഒ രജിസ്റ്റർ, അപേക്ഷ പരിപാലനത്തിലെ പോരായ്മകൾ |
| 17 | 2-4 (ബി) | ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് |
| 18 | 2-4 (സി) | ഡി & ഓ , തൊഴിൽ നികുതി - സ്ഥാപനങ്ങളെ പൂർണമായി ഉൾപ്പെടുത്തിയിട്ടില്ല. |
| 19 | 2-5 | തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 20 | 2-6 | കെട്ടിട ഭാഗങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്താതെ വസ്തു |

| | | |
|---|---|---|
| | | നികുതി നിർണ്ണയം ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം |
| 21 | 2-7 | വരവിനങ്ങളുടെ കുടിശ്ശിക വിശദാംശങ്ങൾ ലഭ്യമല്ല |
| 22 | 3-1 | എഫ്.റ്റി.എസ് ജീവനക്കാർക്ക് അധികദിവസം ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു -അംഗീകരിക്കാത്ത ചെലവ് ₹18373/- |
| 23 | 3-2 | ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു |
| 24 | 3-3 | വരൾച്ചാ ദുരിതാശ്വാസ പരിപാടി കരാറുകാരന് അധിക തുക നൽകി |
| 25 | 3-4 | ടിഷ്യു വാഴത്തൈ വിതരണം -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 26 | 3-5 | വിനിയോഗവിവരംലഭ്യമാക്കിയിട്ടില്ല |
| 27 | 3-6 | ആശ്രയ- ഫലപ്രദമായി സേവനങ്ങൾ നൽകുന്നതിന് വീഴ്ച വരുത്തുന്നു |
| 28 | 3-7 | നിർമ്മൽ പുരസ്കാർ തുക ചെലവഴിക്കാതെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് 250,000 |
| 29 | 3-8 | സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതികൾ നടപ്പാക്കി |
| 30 | 3-9 | കുടിവെള്ള പദ്ധതി – ചെയ്യാത്ത ഇനങ്ങൾ ഉൾപ്പെടെ അളവ് രേഖപ്പെടുത്തിയിരിക്കുന്നു |
| 31 | 3-10 | അസി. എഞ്ചിനീയറുടെ പേരിൽ പല ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു |
| 32 | 3-11 | കടിവെള്ള പദ്ധതികൾ - കരാറുകാരന് അധിക നിരക്ക് അനുവദിച്ചിരിക്കുന്നു |
| 33 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 34 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 35 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 36 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |

| | | |
|---|---|---|
| 37 | 4-5 | സ്ഥിര നിക്ഷേപം |
| 38 | 4-6 | ഓഡിറ്റ് റിക്കവറി |
| 39 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 40 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 41 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 42 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 43 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 44 | അനുബന്ധം-2 | ഇൻകം & എക്സ്പെൻഡിച്ചർ<br>രസീത് & പേമെന്റ്<br>ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.3.2017തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പദ്ധതി കണക്കുകളും വരവ്-ചെലവ് ഇനങ്ങളിലെ വ്യത്യാസങ്ങളും ഉൾപ്പെടുത്തി പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 13.3.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.പുതുക്കിയ ബജറ്റ് പ്രകാരം മുന്നിരിപ്പ് ₹7977497/-യും ആകെ വരവ് ₹311086575/-യും, ആകെ ചെലവ് ₹299486375/-യും, നീക്കിയിരുപ്പ് ₹11600200/-യുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 31.7.2018 | -- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.6.2018&14.6.2018 | കെ.എസ്.എ.ഐ.ഡി.കെ. 677/2018(23) തീയതി 20.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25301518 |
| വരവ് | 128558008 |
| ആകെ | 153859526 |
| ചെലവ് | 135824091 |
| നീക്കിയിരിപ്പ് | 18035435 |

## **1-5** ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | -- | 47349000 | 47349000 | 37736325 | 9612675 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | ---- | 38881242 | 38881242 | 25235473 | 13645769 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | --- | 1109549 | 1109549 | 723794 | 385155 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | ---- | 2920000 | 2920000 | 1888291 | 1031709 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | --- | 5823000 | 5823000 | 4154536 | 1668464 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | --- | 27467236 | 27467236 | 14150305 | 13316931 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | --- | 1602420 | 1602420 | 1602369 | 51 |
| സാക്ഷരത | | -- | -- | -- | -- | --- |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 146247 | 1469049 | 1615296 | 1582456 | 32840 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | -- | 49144407 | 49144407 | 49144407 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| പശ്ചിമഘട്ട വികസന പദ്ധതി | | 500,000 | --- | 500,000 | --- | 500000 |
| ഐ.സി.ഡി.എസ് | | 1617618 | 2684610 | 4302228 | 2951554 | 1350674 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | | | | | |

| | | | | | | |
|---|---|---|---|---|---|---|
| അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 39734 | --- | 39734 | --- | 39734 |
| ബി ഫണ്ട് | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| പട്ടികവർഗ്ഗ വികസനം | | 69092 | --- | 69092 | ---- | 69092 |
| ശബരിമല സ്പെഷ്യൽ ഫണ്ട് | | 303196 | 616427 | 919623 | 642684 | 276939 |
| ശുചിത്വഗ്രാന്റ് | | 34015 | -- | 34015 | --- | 34015 |
| ശുചിത്വമിഷൻ ഗ്രാന്റ് | | 2865600 | 6589873 | 9455473 | 2494200 | 6961273 |
| സമ്പൂർണ്ണ ശുചിത്വം | | 81050 | --- | 81050 | --- | 81050 |
| കുടിവെള്ളപദ്ധതി ഗ്രാന്റ് | | --- | 799719 | 799719 | --- | 799719 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | --- | 16649000 | 16649000 | 16649000 | |
| | SBT പ്ലാൻ 7029 | 1636771 | 1298 | 1638069 | 1947 | 1636122 |
| | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ | 81162 | 3143 | 84305 | -- | 84305 |
| | IDCBLB4 പ്ലാൻ | 5326090 | 190084 | 5516174 | 607662 | 4908512 |
| | POSTOFFICE അക്കൗണ്ട് | 10901 | --- | 10901 | --- | 10901 |
| | VPFA-OLD അക്കൗണ്ട് | 232453 | --- | 232453 | --- | 232453 |
| | ഗ്രാമീൺ ബാങ്ക് | --- | 10500 | 10500 | -- | 10500 |
| ട്രഷറി TSBഅക്കൗണ്ട് (10569615-(303196+250000+500000) | | 9516419 | 3860205 | 13376624 | 15042011 | 1665387 |
| Nationalised BANK ownfund | | --- | 1422108 | 1422108 | 401549 | 1020559 |
| തനത് ഫണ്ട് LB3 | | 1381324 | 15731444 | 17112768 | 16962180 | 150588 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്തൃവിഹിതം | 541892 | 836709 | 1378601 | 763500 | 615101 |
| വിമുക്തി | 4690 | -- | 4690 | --- | 4690 |
| നിർമ്മൽ പുരസ്കാരം | 250,000 | --- | 250,000 | ---- | 250,000 |
| ക്യാഷ് | 663264 | | 663264 | | 631755 |

ട്രഷറി TSB അക്കൗണ്ടിൽ നിന്നും 27.3.2018 ന് 14778362 ഗവ.Redeem ചെയ്തിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 323 | 197698802 | 188 | 92915303 | -- | 135 | 58.2 |

ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയ്ക്ക് 22.3.2018 ലെ 50/17/DPC/ DPO/IDKഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. 2017-18 വാർഷിക പദ്ധതി നടത്തിപ്പിനോടനുബന്ധിച്ച് വികസന സെമിനാർ 25.5.2017 ൽ നടന്നു. പദ്ധതി ആസൂത്രണ ഗ്രാമസഭ 23.4.2017 മുതൽ 30.4.2017 വരെയുള്ള വിവിധ തീയതികളിൽ നടത്തപ്പെട്ടു.പദ്ധതി ആസൂത്രണ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭകളിൽ ജനപങ്കാളിത്തം നല്ല നിലയിൽ ഉണ്ടായിരുന്നു. പ്രൊക്യൂർമെന്റ് കമ്മിറ്റി വിവിധ തീയതികളിൽ യോഗം ചേർന്ന് സാധന/സാമഗ്രികൾ വാങ്ങുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയവയുടെ എണ്ണം | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 6283603 | 4130009 | 65.72 |
| വെറ്ററിനറി സർജൻ | 15 | 15 | 11090000 | 7371000 | 66.46 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 500,000 | 500,000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 7 | 20381667 | 14266667 | 69.99 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 11 | 12654572 | 11149754 | 88.1 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 32 | 21 | 16431859 | 7264253 | 44.2 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 3409400 | 1569200 | 46 |
| ഹെഡ്മാസ്റ്റർ | 2 | 2 | 350,000 | 347600 | 99.3 |
| അസി. എഞ്ചിനീയർ | 218 | 96 | 111498201 | 38086882 | 34.15 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 9 | 8 | 4093200 | 2519784 | 61.5 |
| അസി.സെക്രട്ടറി | 9 | 8 | 11006300 | 5710154 | 51.88 |
| ആകെ | 323 | 188 | 197698802 | 92915303 | 46.99 |

തൻവർഷം ആസൂത്രണം ചെയ്ത 323 പ്രോജക്ടുകളിൽ 188 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. നടപ്പാക്കാത്തവയിൽ ഭൂരിഭാഗവും അസി.എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളാണ്. 2017-18 ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയ 30 പ്രോജക്ടുകൾ അസി.എഞ്ചിനീയർ നടപ്പിലാക്കിയിട്ടില്ല. ആവശ്യാധിഷ്ഠിതമല്ലാതെ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനാലാണ് നടപ്പിലാക്കാൻ സാധിക്കാതെ വരുന്നത്. ഉൽപാദനമേഖലയിൽ നടപ്പിലാക്കിയ ടിഷ്യൂകൾച്ചർ വാഴവിത്ത് എന്ന പ്രോജക്ടിനായി വാഴ വിത്ത് വാങ്ങാനായി ₹320,000/- സ്റ്റേറ്റ് സീഡ് ഫാം വണ്ടിപെരിയാറിൽ തുക അടവാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 146247 | 1469049 | 1615296 | 1582456 | 32840 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -- | 49144407 | 49144407 | 49144407 | ---- |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിലില്ലായ്മ വേതനം | 600 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 1286900 | 107 |
| വിധവാപെൻഷൻ | 18799500 | 1574 |
| വാർദ്ധക്യകാല പെൻഷൻ | 38323300 | 3205 |
| വികലാംഗപെൻഷൻ | 1280400 | 392 |
| അവിവാഹിതരായ 50 വയസ്സിനുമുകളിലുള്ള പെൻഷൻ | 146600 | 12 |

| | | |
|---|---|---|
| ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ/ വികലാംഗ പെൻഷൻ | 4750400 | 439 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2017ന് സ്ഥാപന തലവന്റെ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5671/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. നികുതി പിരിവ് കാര്യക്ഷമമല്ല.വസ്തുനികുതിയിനത്തിൽ 14 ലക്ഷത്തിലധികം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.ക്ഷേമ പെൻഷൻ അപേക്ഷ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.ആസ്തി കളുടെ മൂല്യനിർണയം നടത്തി അപ്ഡേറ്റ് ചെയ്തിട്ടില്ല.ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തൽ നടത്തി വർഷാന്ത്യം ക്ലോസ്സ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്ത വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ഓഫീസ് ഉത്തരവുപ്രകാരം ജീവനക്കാരുടെ ജോലികൾ വിഭജിച്ച് നൽകിയിട്ടുണ്ട്. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമായ രേഖപ്പെടുത്തൽ വരുത്തി അതാത് മാസം ക്ലോസ്സ് ചെയ്യുന്നില്ല. സൂചിക സോഫ്റ്റ് വെയർ പ്രകാരം തപാലുകൾ കൈകാര്യം ചെയ്യുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.9.2018 | 8/2018 | 27.9.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.5.17- 30.5.17 | 2013-14 – 2016-17 | 30.6.2017 |

## 1-12 വാർഷിക കണക്കുകളുടെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിലുൾപ്പെടുത്തിയിരിക്കുന്ന Post Office Account (₹10,901/-), VPFA Old Account (₹2,32,453/-) എന്നീ തുകകളുടെ പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.
2. എൽ.ബി-3 അക്കൗണ്ടിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രാകാരം താഴെ വ്യക്തമാക്കുന്ന ചെക്കുകൾ നാളിതുവരെയായും അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

| തീയതി | ചെക്ക് നം | തുക |
|---|---|---|
| 10.09.2017 | ₹652729.00 | ₹16900.00 |
| 10.09.2017 | ₹652730.00 | ₹10150.00 |
| 10.09.2017 | ₹652729.00 | ₹2000.00 |
| 13.07.2017 | ₹650623.00 | ₹2000.00 |

3. വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറുമായി പൊരുത്തപ്പെടുന്നില്ല.
4. വാടക – കുടിശ്ശിക ഡിമാന്റ് രജിസ്റ്റർപ്രകാരമുള്ള തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
5. അഡ്വാൻസ് കളക്ഷനായി ലഭിച്ച തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ (ആർ.പി-36) ഉൾപ്പെടുത്തിയിട്ടില്ല.
6. അസ്സിസ്റ്റന്റ് എഞ്ചിനിയർ പാർട്ട് ബിൽനൽകിയ പ്രവർത്തികളുടെ വിശദാംശംങ്ങൾ വാർഷിക കണക്കിൽആർ.പി – 40)ഉൾപ്പെടുത്തിയിട്ടില്ല.
7. 2017-18 വർഷത്തെ അസ്സറ്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.
8. കിട്ടാക്കടങ്ങൾ എഴുതിത്തള്ളുന്നതിന് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നത് സംബന്ധിച്ച്

വണ്ടിപെരിയാർ ഗ്രാമപഞ്ചായത്തിലെ 2017-18 ലെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ, ബാലൻസ് ഷീറ്റ് പട്ടിക ബി 17 (ക്യാഷ് /ബാങ്ക് ) നീക്കിയിരിപ്പ് പ്രകാരം താഴെ പറയുന്ന ബാങ്കുകളുടെ ശാഖകളിലായി മൂന്ന് അക്കൗണ്ടുകൾ ദീർഘകാലമായി ഇടപാടുകൾ നടത്താതെ കിടക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബാങ്ക് അക്കൗണ്ട് | 31.3.18 ലെ ബാലൻസ് |
|---|---|---|
| 1 | ട്രഷറി വി പി എഫ് എ | 232453 |
| 2 | ഗ്രാമീണ ബാങ്ക് അക്കൗണ്ട് | 10500 |
| 3 | പോസ്റ്റ് ഓഫീസ് അക്കൗണ്ട് | 10901 |
| | ആകെ | 253854 |

പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 അർദ്ധവാർഷിക വരുമാനം കാണിക്കാതെ നികുതി തുക അടവാക്കുന്നു

വണ്ടിപ്പെരിയാർ എൽ.ഐ.സി കാര്യാലയത്തിലെ താഴെ പറയുന്ന ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം ഉൾപ്പെടുത്താതെ നികുതി തുക മാത്രം സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി രണ്ട് അർദ്ധവർഷങ്ങളിലും നികുതി അടവാക്കിയിരിക്കുന്നു.

| ജീവനക്കാരന്റെ പേര് | ഒന്നാം അർദ്ധവർഷം അടവാക്കിയ നികുതി | രണ്ടാം അർദ്ധവർഷം അടവാക്കിയ നികുതി |
| --- | --- | --- |
| ശ്രീ. എം.കെ ജോസഫ് , അഡ്മിൻ ഓഫീസർ | 1000 | 1250 |
| ശ്രീ കെ.കെ കരുണാകരൻ,അഡ്മിൻ ഓഫീസർ | 750 | 1250 |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതനവും വരുമാന റിട്ടേണുകളും പൊരുത്തപ്പെടുന്നുണ്ടോയെന്ന് അന്വേഷണ വിധേയമാക്കേണ്ടതും പഞ്ചായത്തിന് നികുതി നഷ്ടമുണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-3 സ്വകാര്യ സ്കൂളുകൾ നികുതി റിട്ടേണുകളിൽ കുറഞ്ഞ ശംമ്പളം രേഖപ്പെടുത്തി നികുതി ഒടുക്കുന്നത് മൂലമുള്ള നഷ്ടം

അൺ- എയിഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് ഗവൺമെന്റ് സ്കൂളിലെ സമാന വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാരുടെ ശമ്പളവും അലവൻസും നല്കണമെന്നും ശമ്പളം സമാന തസ്തികയിലെ മിനിമത്തിൽ ആരംഭിക്കണമെന്നും കാലകാലങ്ങളിലെ ക്ഷാമബത്തക്കും വാർഷിക ശമ്പള വർദ്ധനവിനും അർഹതയുണ്ടെന്ന് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 07.10.2011 ലെ സ.ഉ (കൈ)/202/11 തീ.07.10.11 ആയി പുറപ്പെടുവിച്ചിട്ടുള്ള അൺ-എയിഡഡ് സ്കൂളുകൾക്ക് CBSE/ ICSE അഫിലിയേഷന് സർക്കാരിൽ നിന്നുള്ള NOC ലഭിക്കുന്നതിന് സ്കൂളുകൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക-8 ൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ 14-09-12 ലെ ഉത്തരവ് നം-WP(C) 1042/2012 പ്രകാരം പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് കുറഞ്ഞത് ₹10000/- പ്രതിമാസ വേതനം സ്കൂൾ മാനേജ് മെന്റ് നൽകേണ്ടതുണ്ട്. ഈ പഞ്ചായത്തിലെ ഇത്തരം സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സെ.ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വണ്ടിപ്പെരിയാർ

2) വിമൽ ജ്യോതി പബ്ലിക്ക് സ്കൂൾ തേങ്ങാക്കൽ

രണ്ട് സ്കൂളുകളിലേയും ജീവനക്കാർ ₹750/- വരെയുള്ള സ്ലാബുകളിൽ നികുതി ഒടുക്കുന്നവരായിട്ടാണ് റിട്ടേണുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതനവും വരുമാന റിട്ടേണുകളും പൊരുത്തപ്പെടുന്നുണ്ടോയെന്ന് അന്വേഷണവിധേയമാക്കേണ്ടതും പഞ്ചായത്തിന് നികുതി നഷ്ടമുണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-4 ഡി&ഒ ലൈസൻസ് - അപാകതകൾ

(എ) ഡി & ഒ രജിസ്റ്റർ, അപേക്ഷ പരിപാലനത്തിലെ പോരായ്മകൾ

ലൈസൻസ് അപേക്ഷകൾ, രജിസ്റ്റർ, കൗണ്ടർഫോയിലുകൾ എന്നിവയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മിക്ക അപേക്ഷയിന്മേലും അന്വേഷണ റിപ്പോർട്ട് എഴുതിയിരിക്കുന്നത് എൽ.ഡി.ക്ലർക്കാണ് മാത്രമാണ്.

നിർബന്ധമായും ഹെൽത്ത് ഇൻസ്പെക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് എഴുതേണ്ടതാണ്.

2. സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ നാമം മലയാളത്തിലും ഇംഗ്ലീഷിലും ബോർഡിൽ എഴുതിയിട്ടുണ്ടോ എന്നു പരിശോധനാ റിപ്പോർട്ട് എഴുതിയിട്ടില്ല.

3. പല അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

4. 30 മൈക്രോണിൽ താഴെയുള്ള ക്യാരി ബാഗുകൾ നിരോധിച്ചു കൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പാലിക്കുമെന്നുളള സത്യവാങ്മൂലം അപേക്ഷയോടൊപ്പം വാങ്ങിയിട്ടില്ല.

5. രജിസ്റ്റർ പ്രകാരം 267 സ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും കൗണ്ടർഫോയിൽ പ്രകാരം 273സ്ഥാപനങ്ങൾക്ക് ലൈസൻസ് കൊടുത്തിട്ടുണ്ട്.

6. ലൈസൻസിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ, കെട്ടിടത്തിന്റെ വസ്തുനികുതി പാർപ്പിടേതര ഗണത്തിലുൾപ്പെട്ടതാണെന്ന് ഉറപ്പാക്കുന്നതടക്കമുള്ള, പരിശോധനകൾ നടക്കുന്നുണ്ട് എന്നും വസ്തുനികുതി, തൊഴിൽ നികുതി എന്നിവയിൽ കണക്കാക്കിയ ഫീസ് നിയമാനുസൃതമാണ് എന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

മേൽ അപാകതകൾ ഒഴിവാക്കി നടപടിക്രമങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ബി) <u>ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്</u>

ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ ₹2900/-യുടെ കുറവ് കാണുന്നു. വിശദാംശം താഴെ നൽകുന്നു.

| അപേക്ഷകൻ | സ്ഥാപനം | പ്രതിദിന വിറ്റ് വരവ്/ ഉപയോഗിക്കുന്ന യന്ത്രശക്തി | ഈടാക്കേണ്ട ലൈസൻസ് ഫീസ് ₹ | ഈടാക്കിയ ലൈസൻസ് ഫീസ് ₹ | കുറവ് ₹ | രസീത് നം & തീയതി |
|---|---|---|---|---|---|---|
| ദി മാനേജർ പെരിയാർ കണ്ണമാറ എസ്റ്റേറ്റ് വണ്ടിപ്പെരിയാർ | റ്റീ ഷോ റൂം | 120000 | 4000 | 1100 | 2900 | 11613105100 തീ 29.03.2017 |

കുറവ് വന്ന തുക അപേക്ഷകനിൽ നിന്നും പലിശ സഹിതം ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) <u>ഡി & ഓ , ലൈസൻസ്- സ്ഥാപനങ്ങളെ പൂർണമായി ഉൾപ്പെടുത്തിയിട്ടില്ല.</u>

ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിൽ വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനായി ലൈസൻസ് എടുക്കുകയും, തൊഴിൽ നികുതി ഒടുക്കുവരുത്തുകയും ചെയ്ത സ്ഥാപനങ്ങളുടെ എണ്ണം വളരെ കുറവാണ്. വസ്തു നികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം വാണിജ്യാവശ്യം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ

വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ളവ | 883 |
| 100 മുതൽ 200 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ളവ | 47 |
| ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 24 |
| ഓഫീസ് ആവശ്യത്തിനുള്ളവ | 109 |
| അസംബ്ലി കെട്ടിടം,കൺവൻഷൻ സെന്റർ തുടങ്ങിയവ | 65 |
| വ്യവസായത്തിനുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 27 |
| ഇതര വ്യവസായത്തിനുള്ളവ | 174 |
| മൊബൈൽ ടെലഫോൺ ടവർ | 12 |
| സ്വകാര്യ ഹോസ്റ്റൽ,ഹോംസ്റ്റേ, റിസോർട്ടുകൾ | 40 |
| ആശുപത്രികൾ | 40 |
| ആകെ | 1421 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഡി& ഒ യുടെ കൗണ്ടർഫോയിൽ പ്രകാരം 273സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ലൈസൻസ് പുതുക്കിയിട്ടുള്ളത്. ഒന്നിൽ കൂടുതൽ മുറികളോ കെട്ടിടങ്ങളോ ഒരു സ്ഥാപനത്തിന്റെ ഭാഗമായി ഉപയോഗിച്ചേക്കാമെന്നതും, കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കാനുമുള്ള സാദ്ധ്യതയുണ്ടെങ്കിലും 20% സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് നല്കിയെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായും കാലികമായും തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് പരിധിയിൽ വരാത്ത സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിന് സാധിക്കുന്നില്ല. മേൽ പ്രസ്താവിച്ച അപാകതകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി സ്ഥാപനങ്ങൾക്ക് വാർഡ് അടിസ്ഥാനത്തിൽ സ്ഥിരം നമ്പരുകൾ നൽകി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കാലാകാലങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-5 <u>തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

ഖണ്ഡിക 2-4 ൽ പരാമർശിച്ച 1421 സ്ഥാപനങ്ങൾ കൂടാതെ 65 അംഗനവാടികളും 35 റേഷൻ കടകളും ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരും ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ഓഡിറ്റ് വർഷം 71 സ്ഥാപനങ്ങളിൽ നിന്നാണ് വ്യക്തിഗത തൊഴിൽ നികുതി ലഭിച്ചത്. അതിൽ 25 -ൽ താഴെ എണ്ണം മാത്രമാണ് സ്വകാര്യസ്ഥാപനങ്ങൾ. സ്ഥാപന തൊഴിൽ നികുതി ലഭിച്ചത് 30 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

മേൽ വിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യക്ഷമമായി ഇടപെടേണ്ടതും ജനപ്രതിനിധികളുടെ സഹകരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. കൃത്യമായ ഇടവേളകളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധനകൾ നടത്തേണ്ടതും പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-6 കെട്ടിട ഭാഗങ്ങൾ പൂർണമായി ഉൾപ്പെടുത്താതെ വസ്തു നികുതി നിർണയം- ഗ്രാമ പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം

വണ്ടിപെരിയാർ ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ വസ്തുനികുതി നിർണയത്തിൽ എല്ലാ കെട്ടിടങ്ങളും/കെട്ടിടഭാഗങ്ങളും ഉൾപ്പെടുത്തിയെന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായി വണ്ടിപെരിയാർ ടൗണിൽ പ്രഥമദൃഷ്ട്യാ നിലകളുടെ എണ്ണം കൂടുതലുള്ള ഏതാനും കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്ന് ചുമതലപ്പെടുത്തിയ ക്ലാർക്കിന്റെ സാന്നിദ്ധ്യത്തിൽ ഭൗതീകമായി പരിശോധിച്ചു. കെട്ടിടങ്ങളുടെ നിലകളടക്കമുള്ള ഭാഗങ്ങൾ ഒഴിവാക്കി വസ്തുനികുതി നിർണയിച്ചിരിക്കുന്നതായി കണ്ടെത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ<br>നിലവിൽ വസ്തുനികുതി നിർണിയിച്ച നിലകൾ/ മുറികൾ | ഭൗതീക പരിശോധനയിൽ കണ്ടെത്തിയ നിലകൾ/ വിവരങ്ങൾ (G-താഴത്തെ നില, B-ബേസ്മെന്റ് നില) |
|---|---|---|---|
| 1 | പി.കെ. വിലാസിനി | 18/665,666<br>താഴത്തെ നില -32m2<br>ഒന്നാം നില -100m2<br>രണ്ടാം നില-100m2 | G+3<br>രണ്ടാം നിലയുടെ അതേ അളവിലുള്ള മൂന്നാം നിലയുടെ വസ്തുനികുതി നിർണയിച്ച് ഈടാക്കിയില്ല |
| 2 | എൻ.എം. ആന്റണി നിക്കോളാസ്<br>എൻ.എം. ആരോഗ്യരാജ് | 18/481A-484<br>താഴത്തെ നില -265.59m2<br>ഒന്നാം നില -210m2<br>രണ്ടാം നില-148m2+313.23m2 | G+3<br>മൂന്നാം നിലയുടെ വസ്തുനികുതി നിർണയിച്ച് ഈടാക്കിയെന്ന് വ്യക്തമല്ല.രണ്ടാം നിലയിലെ രണ്ട് അളവുകൾ പാർപ്പിടമായാണ് നിർണയിച്ചത്. നിലവിൽ അവിടെ സ്ഥപനത്തിന്റെ ഗോഡൗണാണുള്ളത് |
| 3 | ശ്രീകുമാർ കാറ്റാടിമുട്ടിൽ, പ്രേംജി പുതുപ്പറമ്പിൽ | 18/751-755<br>താഴത്തെ നില -19m2+20m2+25m2+ 22m2+35m2 | G+3<br>താഴത്തെ നിലയുടെ അതേ അളവിലുള്ള ഒന്നും രണ്ടും നിലകളുടെ വസ്തുനികുതി നിർണയിച്ച് ഈടാക്കിയില്ല. മൂന്നാം നില പണി പൂർത്തിയാവുന്നു |
| 4 | ജോസഫ് റ്റി ഡി, ഷിജി തോമസ്, ഷാജി ചെറിയാൻ | 18/756-761<br>താഴത്തെ നില – 19m2+15m2+ 20m2+23m 2+18m2+18m2 | G+3<br>താഴത്തെ നിലയുടെ അതേ അളവിലുള്ള ഒന്നും രണ്ടും നിലകളുടെ വസ്തുനികുതി നിർണയിച്ച് ഈടാക്കിയില്ല. മൂന്നാം നില പണി പൂർത്തിയാവുന്നു |
| 5 | റസാക് മൊയ്തീൻ | 7/683,684<br>താഴത്തെ നില -70m2 | B+G+3<br>ഒന്നാം നിലയുടെ അതേ |

| | | | |
|---|---|---|---|
| | | (ബേസ്മെന്റ് നില)<br>താഴത്തെ നില-96m2<br>ഒന്നാം നില -96m2 | അളവിലുള്ള രണ്ടും മൂന്നും നിലകളുടെ വസ്തുനികുതി നിർണയിച്ച് ഈടാക്കിയില്ല |
| 6 | യു സെയ്ദ് റാഫിയ | 7/889-898<br>താഴത്തെ നില -16.43m2+20.46m2+13.72m2+40.07m2+14.21+14.21m2+19.22m2+19.22m2+13.98m2+14.41m2 | G+3<br>താഴത്തെ നിലയുടെ അതേ അളവിലുള്ള ഒന്നും രണ്ടും മൂന്നും നിലയുടെ വസ്തുനികുതി നിർണയിച്ച് ഈടാക്കിയില്ല |
| 7 | എം. റഹ്മത്തുള്ള | 7/953-960<br>താഴത്തെ നില -10m2+64m2+10m2<br>ഒന്നാം നില -10m2+10m2+47m2+10m2<br>രണ്ടാം നില-69m2 | G+3<br>രണ്ടാം നിലയുടെ അതേ അളവിലുള്ള മൂന്നാം നിലയുടെ വസ്തുനികുതി നിർണയിച്ച് ഈടാക്കിയില്ല |

പ്യൂരിഫിക്കേഷൻ പൂർത്തിയാകുന്ന ഈ വേളയിൽ പോലും കോളം നാലിൽ സൂചിപ്പിക്കുന്ന നിലകളുടെ നികുതി നിർണയിച്ച് ഈടാക്കാത്തത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ വീഴ്ചയാണെന്ന് സുവ്യക്തമാണ്. 2013-ലോ അതിന് ശേഷമോ ആണ് കോളം മൂന്നിൽ സൂചിപ്പിച്ച നിലകളുടെ വസ്തു നികുതി നിർണയിച്ചിരിക്കുന്നത് (ഇപ്രകാരം നിലവിൽ നികുതി നിർണയിച്ച മുറികളുടെ പോലും മുഴുവൻ അളവും ഉൾപ്പെടുത്തിയോയെന്ന് ഉറപ്പാക്കാനായില്ല). 2013-ന് ശേഷമാണ് കോളം നാലിൽ സൂചിപ്പിക്കുന്ന നിലകൾ നിർമ്മിച്ചിരിക്കുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ അവയുടെ നികുതി പുതിയ നിരക്കിലാണ് നിർണയിച്ച് ഈടാക്കേണ്ടത്.

വണ്ടിപെരിയാർ ടൗണിലെ ഏതാനും കെട്ടിടങ്ങൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ ഗുരുതരമായ വീഴ്ചകളാണ് മേൽ സൂചിപ്പിച്ചത്. വരുമാനത്തിൽ ലക്ഷങ്ങളുടെ നഷ്ടമാണ് ഉണ്ടാകുന്നത്. ഇവയടക്കം വാണിജ്യാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളും പരിശോധിച്ച് കെട്ടിടഭാഗങ്ങൾ പൂർണമായി ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചതെന്ന് ഉറപ്പാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ നിന്ന് പെർമിറ്റ് നേടിയാണോ കോളം നാലിൽ സൂചിപ്പിക്കുന്ന നിലകളുടെ നിർമ്മാണം നടത്തിയതെന്ന് ബന്ധപ്പെട്ട ഫയലുകൾ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്തതിനാൽ ഉറപ്പാക്കാനായില്ല. ആയതിനാൽ പ്രസ്തുത നിർമ്മാണങ്ങളുടെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പെർമിറ്റ് എടുക്കാതെയാണ് നിർമ്മാണമെങ്കിൽ 2018-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾ പ്രകാരം ആയത് ക്രമവത്കരിക്കേണ്ടതാണ്.

സൂചിത അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 വരവിനങ്ങളുടെ കുടിശ്ശിക- വിശദാംശങ്ങൾ ലഭ്യമല്ല

വാർഷിക കണക്ക് പ്രകാരം തൻവർഷം വരവിനങ്ങളുടെ കുടിശ്ശിക തുകകൾ കാണുന്നു. എന്നാൽ വിശദാംശങ്ങൾ അടങ്ങിയ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ കുടിശ്ശിക തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നല്കിയ എൻക്വയറി (നം.6) യ്ക്ക് ലഭിച്ച മറുപടി പ്രകാരം ഓരോ ഇനങ്ങളിലും അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക | ലഭിച്ച മറുപടി |
|---|---|---|
| തൻവർഷ വാടക | 155743 | എക്സൈസ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക ലഭിക്കാനുള്ളത് ₹165447/-യാണ്. ഈടാക്കാൻ നടപടി തുടരുന്നു. |
| മുൻവർഷ ബസ് സ്റ്റാന്റ് വരവ് | 12300 | 2013-14,2014-15 വർഷങ്ങളിലെ കുടിശ്ശികയായാണ് അറിഞ്ഞത്. ഈടാക്കാത്തവയാണെങ്കിൽ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| മുൻവർഷ പബ്ലിക് കംഫർട്ട് സ്റ്റേഷൻ വരവ് | 11500 | |
| തൻവർഷ പബ്ലിക് കംഫർട്ട് സ്റ്റേഷൻ വരവ് | 200 | തൻവർഷത്തെ തുക പൂർണമായി ഈടാക്കിയതാണ്.കമ്മറ്റിയുടെ ശ്രദ്ധയിൽപെടുത്തി നടപടി സ്വീകരിക്കുന്നതാണ്. |

ഈടാക്കാനവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങളടങ്ങിയ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. കുടിശ്ശിക തുകകൾ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എഫ്.റ്റി.എസ് ജീവനക്കാർക്ക് അധികദിവസം ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു -അംഗീകരിക്കാത്ത ചെലവ് ₹18373/-

| | |
|---|---|
| വൗച്ചർ നം | 21700035 |
| ബിൽ നം | 51700029 |
| തീയതി | 18-04-2018 |
| തുക | ₹1415108 |

ഗ്രാമപഞ്ചായത്തിലെ എഫ്.റ്റി.എസ് ജീവനക്കാർക്ക് സൂചിത വൗച്ചർ പ്രകാരം 20 ൽ കൂടുതൽ ദിവസത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു നൽകിയിട്ടുണ്ട്. 29.02.1984 ലെ സ.ഉ(കൈ) 39/84/ എൽ.എ &എസ്.ഡബ്ല്യു.ഡി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഫ്.റ്റി.എസ് ജീവനക്കാർക്ക് പരമാവധി സറണ്ടർ ചെയ്യാവുന്ന വാർഷിക പരിധി 20 ദിവസമാണ്. ആയതിനാൽ അധികം ദിവസങ്ങളിലേക്ക് അനുവദിച്ചു നൽകിയ സറണ്ടർ തുക ₹18373/-യുടെ ചെലവ് അംഗീകരിക്കുന്നില്ല. അധികം അനുവദിച്ചു നൽകിയ തുക പ്രസ്തുത ജീവനക്കാരിൽ നിന്നും തിരികെ ഈടാക്കി ജീവനക്കാരുടെ അവധികണക്കുകൾ പുനക്രമീകരിക്കേണ്ടതാണ്.

| ക്രമനം | ജീവനക്കാരുടെ പേര് | ആകെ അനുവദിച്ച നൽകിയ | | നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|
| | | ആർജ്ജിതാവധി ദിവസം | തുക ₹ | | |
| 1 | ശ്രീ. എ.ജെ ആന്റണി | 24 | 20066 | 16722 | 3344 |
| 2 | ശ്രീ. എം.കെ രവീന്ദ്രൻ | 25 | 21928 | 17542 | 4386 |
| 3 | ശ്രീ. ജെ മരിയാദാസ് | 25 | 21415 | 17132 | 4283 |
| 4 | ശ്രീ. എം.ജെ മാത്യു | 24 | 19080 | 15900 | 3180 |
| 5 | ശ്രീമതി.കെ.കെ. ഷൈനി | 24 | 19080 | 15900 | 3180 |
| ആകെ | | | | | 18373 |

## 3-2 ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലയിൽ ഉൾപ്പടാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു

ഹൈസ്കൂളുകളും ഹയർസെക്കണ്ടറി സ്കൂളുകളും അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ജില്ലാപഞ്ചായത്തുകൾക്ക് കൈമാറി നൽകിയിട്ടുള്ളതാണ്. പ്രീ-പ്രൈമറി സ്കൂളുകൾ, ഹൈസ്കൂളിനോട് അനുബന്ധമല്ലാത്ത സർക്കാർ പ്രൈമറിസ്കൂളുകൾ (എൽ.പി,യു.പി സ്കൂളുകൾ) എന്നിവയാണ് വിദ്യാഭ്യാസ മേഖലയിൽ ഗ്രാമപഞ്ചായത്തിന് കൈമാറി നൽകിയിട്ടുള്ളതാണ്. വണ്ടിപെരിയാർ ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണത്തിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് പേര് | പ്രോജക്ട് നം | ഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|---|---|
| വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് ഹൈസ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം തയ്യാറാക്കൽ | SO.349/18 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 54516 | 44/17-18 തീ.19.3.18 |
| | SO350/18 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 116366 | 40/17-18 തീ.29.3.18 |
| | | ആകെ | 170882 | |

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാത്ത സ്ഥാപനങ്ങൾക്ക് വേണ്ടി ചെലവഴിച്ച ₹170882/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 വരൾച്ചാ ദുരിതാശ്വാസ പരിപാടി കരാറുകാരന് അധിക തുക നൽകി

| | | |
|---|---|---|
| പ്രോജക്ട് നം. | : | SOO92/18 |

| | | |
|---|---|---|
| വികസന ഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | : | 978720 |
| ചെലവഴിച്ച തുക | : | 978720/- |
| ബിൽനം.3/17-18 തീ 22.7.2017 | | |

വരൾച്ചാദുരിതാശ്വാസ പരിപാടി പ്രകാരം കുടിവെള്ള വിതരണം നടത്താൻ കരാർ ഏറ്റെടുത്തിരുന്നത് രാജേഷ്, നെല്ലിമല എസ്റ്റേറ്റ്, വണ്ടിപ്പെരിയാർ എന്നയാളാണ്. 2000ലിറ്റർ വെള്ളം ഒരു കി.മീറ്റർ ദൂരം എത്തിക്കുന്നതിന് ₹160/-യും, 5000 ലിറ്റർ വെള്ളം ഒരു കി.മീറ്റർ ദൂരം എത്തിക്കുന്നതിന് ₹185/-യുമാണ് കരാർ പ്രകാരം നൽകേണ്ടിയിരുന്നത്.കരാറുകാരന്റെ ട്രിപ്പ് ഷീറ്റ് പ്രകാരം ₹974410/-യാണ് ചെലവ്.എന്നാൽ ടിയാന് ₹978720/-യാണ് നൽകിയിട്ടുള്ളത്. കരാറുകാരന്റെ ട്രിപ്പ് ഷീറ്റ് പ്രകാരം നൽകേണ്ട തുക കൃത്യമായി കണക്കാക്കിയതിനു ശേഷം ടിയാന് അധികം തുക (₹4310/-) നൽകാനിടയായ സാഹചര്യത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2) മറുപടിയായി ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ച് അനുവദിക്കാവുന്ന തുക കണ്ടെത്തിയതിനുശേഷം തുക കൂട്ടിയപ്പോൾ മന:പൂർവ്വമല്ലാതെ കരാറുകാരൻ ആവശ്യപ്പെട്ട തുക എഴുതിയതാണ് ഇത്തരത്തിൽ അധികം തുക അനുവദിയ്ക്കാൻ ഇടയായതെന്നും അധികം നൽകിയ തുക തിരികെ ഒടുക്കുന്നതിന് കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുള്ളതും, തുക ഒടുക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. അധികം നൽകിയ തുക ₹4310/- കരാറുകാരനിൽ നിന്നും ഈടാക്കി സഞ്ചിതനിധിയിൽ തിരികെ അടവാക്കേണ്ടതാണ്.

## 3-4 ടിഷ്യു വാഴത്തൈ വിതരണം -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ടിഷ്യു വാഴത്തൈ വിതരണം നടത്തുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതി പ്രകാരം (നം.190/18) 16000 വാഴവിത്തുകൾക്കായി ₹20/- നിരക്കിൽ ₹320000/- സ്റ്റേറ്റ് വെജിറ്റബിൾ ഫാം പെരിയാറിന്റെ 710021400000029 നമ്പർ അക്കൗണ്ടിലേക്ക് ബിൽ നമ്പർ 2/17-18, തീയതി 18-12-17 പ്രകാരം കൃഷി ഓഫീസർ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായും വാഴത്തൈകൾ ലഭ്യമാക്കിയിട്ടില്ല. ഉല്പാദനമേഖലയിൽ ആവിഷ്കരിച്ച പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. വാഴത്തൈകൾ ലഭ്യമാക്കുന്നതിനായി 12-11-18 ൽ ഫാം സൂപ്രണ്ടിന് കൃഷി ഓഫീസർ കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി നൽകിയിട്ടില്ല. വാഴത്തൈകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ ₹320000/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വിനിയോഗവിവരംലഭ്യമാക്കിയിട്ടില്ല

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവഹണത്തിനായി വിവിധ ഏജൻസികളിൽ ഒടുക്കിയിട്ടുള്ള തുകകളുടെ വിനിയോഗവിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ, പദ്ധതി | ഒടുക്കിയ തുക | ബിൽനം& തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|
| വി.ഇ.ഒ, | 140000 | 16/17-18,20-10-17 | സെക്രട്ടറി, |

| | | | |
|---|---|---|---|
| പി.എം.എ.വൈ വിഹിതം ജനറൽ | 1400000 | 20/17-18,6-1-18 | അഴുത ബ്ലോക്ക് |
| വി.ഇ.ഒ,പി.എം.എ.വൈ വിഹിതം എസ്.സി.പി | 900000<br>920000 | 15/17-18,20-10-18<br>19/17-18,6-1-18 | സെക്രട്ടറി, അഴുത ബ്ലോക്ക് |
| വി.ഇ.ഒ ലൈഫ് മിഷൻ അധികവിഹിതം നൽകൽ | 250000 | 27/17-18,26-2-18 | സെക്രട്ടറി,അഴുത ബ്ലോക്ക് |
| വെറ്റി. സർജൻ എ.ബി,സി.പ്രോഗ്രാം | 200000 | 1/17-18,23-9-17 | കുടുംബശ്രീ ജില്ലാ മിഷൻ |
| സെക്രട്ടറി, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 36733 | 33/17-18,18-3-18 | കെ.എസ്.ഇ.ബി . വണ്ടിപ്പെരിയാർ |
| ആകെ | 3846733 | | |

വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 ആശ്രയ - ഫലപ്രദമായി സേവനങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുന്നു

ഗ്രാമപഞ്ചായത്തിന്റെ എസ്.ബി.ഐ വണ്ടിപ്പരിയാർ ബ്രാഞ്ചിലുള്ള ആശ്രയ അക്കൌണ്ടിൽ (A/C No.670188) 31.3.2018 ൽ ₹2367201/- നീക്കിയിരുപ്പുണ്ട്. ആശ്രയ ആദ്യഘട്ടം, റീവിസിറ്റ്, രണ്ടാം ഘട്ടം എന്നിവയിലെ ഗുണഭോക്താക്കൾക്ക് നിലവിൽ ഭക്ഷണം മാത്രമാണ് നൽകിവരുന്നത്. ആശ്രയ ഒന്നാം ഘട്ടത്തിലെയും , രണ്ടാം ഘട്ടത്തിലെയും ഗുണഭോക്താക്കളെയും, വിശദമായ സർവേ നടത്തി പുതിയ ഗുണഭോക്താക്കളെയുംകൂടി ഉൾപ്പെടുത്തി ആശ്രയ 3-ാം ഘട്ടത്തിന്റെ DPR (Detailed PROJECT Report) തയ്യാറാക്കി ജില്ലാമിഷനിലേയ്ക്ക് അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. 3-ാം ഘട്ടത്തിൽ 110 ഗുണഭോക്താക്കളാണുള്ളത്. ഡി.പി.ആർ ന് അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ മൂന്നാം ഘട്ടം ആരംഭിയ്ക്കാൻ സാധിക്കൂ. ആയതിനാൽ മൂന്നാം ഘട്ടത്തിന് എത്രയും വേഗം അംഗീകാരം നേടിയെടുത്ത് ആശ്രയ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-7 നിർമ്മൽ പുരസ്കാരം - തുക ചെലവഴിക്കാതെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് 250,000

ശുചിത്വം ലക്ഷ്യമാക്കിക്കൊണ്ട് 2009-10 ൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് നിർമ്മൽ പുരസ്കാരം. ഇതിന്റെ ഭാഗമായി പഞ്ചായത്തിന് 4/16 ൽ ലഭിച്ച നിർമ്മൽ പുരസ്കാർ തുക 250,000/- നാളിതുവരെ ചെലവഴിക്കാതെ ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഈ പദ്ധതിക്കു വേണ്ടി ലഭിച്ച തുകയുടെ വിനിയോഗത്തെ സംബന്ധിച്ച വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമവികസന കമ്മീഷണറുടെ 18.12.2009 ലെ സർക്കുലർ നമ്പർ ഐ ഇ സി 320/07 ഡി ആർ ഡി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻ പ്രകാരം തുക ശുചിത്വ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാതെ വർഷങ്ങളായി തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് ക്രമ വിരുദ്ധവും സർക്കാർ ഉത്തരവുകളുടെ ലംഘനവുമാണ്. ഇക്കാര്യത്തിലേയ്ക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതികൾ നടപ്പാക്കി

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയതിൽ താഴെ വിശദീകരിച്ചിട്ടുള്ളവ സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായാണ് നടപ്പാക്കിയത് എന്ന് കാണുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | പദ്ധതി അടങ്കൽ | ബിൽ നം. | ആകെ തുക |
|---|---|---|---|---|
| 1 | പകർച്ചവ്യാധി നിയന്ത്രണം (141/18) | ₹200000/- | 3/2017-18/ 20.02.2018, ₹50000/- 9/2017-18/ 26.02.2018, ₹29000/- 19/2017-18 /29-03-2018, ₹121000/- | ₹200000 |
| 2 | വയോജന പരിപാലനം (170/18) | ₹868900/- | 8/2017-18/ 20.02.2018, ₹125000/- 17/2017-18/ 24.03.2018, ₹20650/- 22/2017-18 /28-03-2018, ₹99417/- | ₹245047 |
| 3 | മൈഗ്രന്റ് ക്യാമ്പ് (174/18) | ₹275000/- | 7/2017-18/ 20.02.2018 ₹100000/- | ₹100000 |
| | | | ആകെ | ₹545047 |

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ./തീയതി. 03.04.2017 – ലെ താഴെ വ്യക്തമാക്കുന്ന നിർദേശങ്ങൾക്ക് വിരുദ്ധമായാണ് മേൽ പദ്ധതികൾ നടപ്പാക്കിയത്.

1. മാനദണ്ഡം 12.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ ഉല്ലാസ പഠന യാത്രകൾ, സമ്മേളനങ്ങൾ ആദരിക്കൽ തുടങ്ങിയവകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല. ക്രമ നം.1,3 എന്നീ പദ്ധതികൾ ഇതിന് വിരുദ്ധമാണ്.

2. മാനദണ്ഡം 2.2 പ്രകാരം മാർഗ രേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിന് ശേഷം മാത്രമേ പദ്ധതി തയ്യാറാക്കാവൂ. ക്രമ നം. 1, 2 എന്നീ പദ്ധതികൾ ഇതിന് വിരുദ്ധമായി നടപ്പാക്കിയിരിക്കുന്നു.

3. മാനദണ്ഡം 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ്.

സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ച് പദ്ധതികൾ നടപ്പാക്കുക വഴി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടിന്റെ ദുർവിനിയോഗിച്ചിരിക്കുന്നു. ആയതിനാൽ ₹545047/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 കുടിവെള്ളപദ്ധതി- ചെയ്യാത്ത ഇനങ്ങൾ ഉൾപ്പെടെ അളവ് രേഖപ്പെടുത്തിയിരിക്കുന്നു.

| | | |
|---|---|---|
| പദ്ധതി നം. | : | 336/18 (91/17) |
| അടങ്കൽ | : | ₹800000/- |
| കൺവീനർ | : | ശ്രീ ആർ ശിവകുമാർ |
| അളവ് പുസ്തകം നം. | : | 417/17-18 |
| നിർവഹണ ഉദ്യോഗസ്ഥൻ | : | അസി. എഞ്ചിനീയർ |

പന്ത്രണ്ടാം വാർഡിലെ എട്ടാം നമ്പർ കോളനി കുടിവെള്ള പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് പ്രകാരം ത്രീഫേസ് ലൈൻ വലിച്ച് മീറ്റർ ഘടിപ്പിക്കുന്നതിനും മോട്ടാർ പമ്പ് സെറ്റ് സ്ഥാപിച്ച് ട്രഞ്ചിങ്ങോടു കൂടിയ പൈപ്പ് ലൈൻ ഇടുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 14.03.2017 ന് ഇപ്രകാരം തന്നെ ഈ പദ്ധതി പൂർത്തിയായതായി അസി എഞ്ചിനീയർ അളവ് രേഖപ്പെടുത്തിയിട്ടുള്ളതായും 15-03-2017 ന് അസി എക്സി എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തതായും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കാണുന്നു. ഈ പദ്ധതിയ്ക്ക് 23.01.2018 ൽ വൌച്ചർ നം 21700993 പ്രകാരം ₹108678/- മാത്രമാണ് നാളിതുവരെ ചെലവ് കാണുന്നത് ഈ തുക ത്രീ ഫേസ് ലൈൻ വലിക്കുന്നതിനായി വൈദ്യുത ബോർഡിൽ ഒടുക്കിയിട്ടുള്ളതാണ്.

ഈ പദ്ധതി നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ ഇതിനായി പൈപ്പ് ലൈൻ ഇട്ടിട്ടുള്ളത് ട്രഞ്ചിങ് നടത്താതെയാണ് എന്നും വെള്ളം പമ്പ് ചെയ്യുന്നതിനുള്ള മോട്ടോർ സ്ഥലത്ത് നിന്നും നീക്കം ചെയ്യപ്പെട്ടതായും കാണപ്പെട്ടു. ത്രീ ഫേസ് വൈദ്യുതി ലൈൻ വലിച്ച് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തീകരിക്കുന്നതിനു മുൻപ് തന്നെ ട്രഞ്ചിങ് നടത്താതെ ഇട്ടിട്ടുള്ള പൈപ്പ് ലൈൻ ട്രഞ്ചിങ്ങോടു കൂടിയാണ് ഇട്ടിട്ടുള്ളത് എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്താനിടയായതിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ, ചെക്ക് മെഷർ ചെയ്ത ഉദ്യോഗസ്ഥൻ എന്നിവർ പദ്ധതി സ്ഥലം സന്ദർശിക്കാതെയാണ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തൽ നടത്തുന്നത് എന്ന് വ്യക്തമാണ്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പുനർ മൂല്യനിർണ്ണയം നടത്തി മാത്രം അന്തിമബിൽ നല്കേണ്ടതാണ്. ഇത്തരം ക്രമവിരുദ്ധമായ നടപടികൾ കൂടുതൽ പദ്ധതികളുടെ നിർവ്വഹണത്തിൽ സംഭവിച്ചിട്ടുണ്ടാകാം എന്ന വിവരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മോണിട്ടറിംഗ് സമിതി എന്നിവരുടെ അടിയന്തിര പരിഗണനയ്ക്ക് സമർപ്പിക്കുന്നു. ചെയ്യാത്ത ഇനങ്ങൾ ഉൾപ്പെടുത്തി വ്യാജരേഖ ചമച്ച് സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നതിനും നഷ്ടപ്പെടുത്തുന്നതിനും കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കരാറുകാർക്കെതിരെയും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ പല ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു.

വണ്ടിപ്പെരിയാർ എൽ എസ് ജി ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറിടെ പേരിൽ 3 ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നതായും അവയിൽ രണ്ടെണ്ണത്തിലും ചെലവഴിക്കാൻ സാധ്യതയില്ലാത്ത വൻ തുകകൾ ബാക്കിനിൽപ്പുള്ളതായും കാണുന്നു. അക്കൗണ്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം | ഓഡിറ്റ് തീയതിയിലെ നീക്കിയിരിപ്പ് |
|---|---|---|
| എസ് ബി ഐ വണ്ടിപ്പെരിയാർ (പ്ലാൻ) | 67056216123 | 2261685 |
| യൂണിയൻ ബാങ്ക്, വണ്ടിപ്പെരിയാർ (പ്ലാൻ) | 362802010026182 | 217307 |
| ഇടുക്കി ജില്ലാ സഹകരണ ബാങ്ക്, വണ്ടിപ്പെരിയാർ (കണ്ടിജൻസി ചെലവുകൾ) | 120061200405094 | 11427 |

മേൽ പ്ലാൻ അക്കൗണ്ടുകളിൽ ബാക്കി നില്ക്കുന്ന തുകയിൽ ക്ഷേമനിധി വിഹിതം ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ തുക നിർമ്മാണക്ഷേമനിധി ബോർഡിലേയ്ക്കും ശേഷിക്കുന്ന മുഴുവൻ തുകയും സഞ്ചിതനിധിയിലേയ്ക്കും ഒടുക്കി അനാവശ്യമായ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 3-11 കുടിവെള്ളപദ്ധതികൾ- കരാറുകാരന് അധികനിരക്ക് അനുവദിച്ചിരിക്കുന്നു

താഴെ പറയുന്ന കുടിവെള്ള പദ്ധതികളിൽ ജി.ഐ. പൈപ്പുകൾ ഇട്ടിരിക്കുന്നതിന് ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള ഡി.എസ്.ആർ. നിരക്കാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത പദ്ധതികൾ നിലവിലെ എൽ.എസ്.ജി.ഡി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചപ്പോൾ ട്രെഞ്ചിംഗ് നടത്താതെ പൈപ്പുകൾ മണ്ണിന് മുകളിലൂടെയാണ് ഇട്ടിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള നിരക്കിൽ നിന്നും ട്രെഞ്ചിംഗിനുള്ള പണിക്കൂലി ഒഴിവാക്കി മരാമത്ത് ബിൽ തയ്യാറാക്കേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാതെ ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള നിരക്ക് കരാറുകാരന് നൽകിയതുമൂലം ₹22955/- അധികമായി ചെലവഴിക്കാനിടയായി.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I. ട്രഞ്ചിംഗ് കൂടാതെയുള്ള ജി.ഐ. പൈപ്പിടീൽ നിരക്കുകൾ – 2014 ഡി.എസ്.ആർ പ്രകാരം

| | |
|---|---|
| 18.12.5 ട്രഞ്ചിങ്ങോടുകൂടിയ ആകെ നിരക്ക് 40 എം.എം. ജി.ഐ.പൈപ്പ് 10 മീറ്ററിന് | 2591.97 |
| കുറയ്ക്കുക ട്രഞ്ചിംഗ് കൂലി | 121.44 |
| | 2470.53 |
| കൂട്ടുക 1% വാട്ടർ ചാർജ് | 24.70 |
| | 2495.23 |
| കൂട്ടുക 15% കോൺട്രാക്ടറുടെ ലാഭം | 374.28 |
| ആകെ | 2869.51 |
| 1 മീറ്ററിന് നിരക്ക് | 286.95 |

| | |
|---|---|
| 18.12.6 ട്രഞ്ചിങ്ങോടുകൂടിയ ആകെ നിരക്ക് 50 എം.എം. ജി.ഐ.പൈപ്പ് 10 മീറ്ററിന് | 2950.40 |
| കുറയ്ക്കുക ട്രഞ്ചിംഗ് കൂലി | 121.44 |
| | 2828.96 |
| കൂട്ടുക 1% വാട്ടർ ചാർജ് | 28.29 |
| | 2857.25 |
| കൂട്ടുക 15% കോൺട്രാക്ടറുടെ ലാഭം | 428.59 |

| | |
|---|---|
| ആകെ | 3285.84 |
| 1 മീറ്ററിന് നിരക്ക് | 328.58 |

II. <u>പദ്ധതി വിശദാംശങ്ങൾ</u>
വാർഡ് 16 കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ

| | |
|---|---|
| പദ്ധതി നമ്പർ | 154/18 |
| അടങ്കൽ തുക | ₹490000/- |
| ബിൽ നംമ്പർ, തുക, തിയതി | 137/26-03-2018/₹489912/- |
| കരാറുകാരൻ | ശ്രീ. ആരോഗ്യദാസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അളവ് പുസ്തകം നം | 137/17-18 |

ജി. ഐ. പൈപ്പുകൾ ഇട്ടിരിക്കുന്നതിന്റെ വിവരം

| ഇനം | എം ബുക്കിലെ ഇനം നം, | ട്രഞ്ചിംഗ് നടത്തിയതായി രേഖപ്പെടുത്തിയിരുന്ന പ്രവൃത്തിയുടെ ആകെ അളവ് | നൽകിയ തുക ₹ | ട്രെഞ്ചിംഗ് ചെയ്ത അളവ്-എം | ട്രെഞ്ചിംഗ് നടത്താത്ത അളവ്-എം | ട്രെഞ്ചിംഗ് നടത്താതെ സ്ഥാപിച്ച പൈപ്പിന് നൽകാവുന്ന തുക | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|
| 50എം.എം. ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്. ആർ ഇനം നമ്പർ 18.12.6) | 3 | 655 m | 347700 | 0 | 655 | 655x508.97= 333375 [DSR 18.12.6 പ്രകാരം ( Idukki cost index54.9)] അനുസരിച്ച് നിരക്ക് മീറ്ററിന് (328.58x54.9%) = 508.97 | 14324.65 |
| 40mm -300 മീറ്റർ (ഡി.എസ്. ആർ ഇനം നമ്പർ 18.12.5) | 4 | 300 | 139899 | 0 | 300 | 300x444.48= 133344 [DSR 18.12.6 പ്രകാരം ( Idukki cost index54.9)] അനുസരിച്ച് നിരക്ക് മീറ്ററിന് (286.95x54.9%) = 444.40/- | 6555 |
| അധികം നൽകിയത് | | | | | | | 20879.65 (₹20880) |

2. മഞ്ചുമല ഫാക്ടറി ആറ്റോരം കുടിവെള്ള പദ്ധതി

| | |
|---|---|
| പദ്ധതി നമ്പർ | 51/18 |
| അടങ്കൽ തുക | ₹700000/- |
| ബിൽ നംമ്പർ, തുക, തിയതി | 114/26-02-2018/₹439456/-<br>₹260564/ |
| കരാറുകാരൻ | ശ്രീ. ആരോഗ്യദാസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| അളവ് പുസ്തകം നം | 368/17-18 |

ജി. ഐ. പൈപ്പുകൾ ഇട്ടിരിക്കുന്നതിന്റെ വിവരം

| ഇനം | എം ബുക്കിലെ ഇനം നം, | ട്രഞ്ചിംഗ് നടത്തിയതായി രേഖപ്പെടുത്തിയിരുന്ന പ്രവൃത്തിയുടെ ആകെ അളവ് | നൽകിയ തുക ₹ | ട്രെഞ്ചിംഗ് ചെയ്ത അളവ്-എം | ട്രെഞ്ചിംഗ് നടത്താത്ത അളവ്-എം | ട്രെഞ്ചിംഗ് നടത്താതെ പൈപ്പ് സ്ഥാപിച്ചതിന് നൽകാവുന്ന തുക | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|
| 50എം.എം. ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്. ആർ ഇനം നമ്പർ 18.12.6) | 2 | 100m | 53084 | 0 | 100 | 100x510.09= 51009 [DSR 18.12.6 പ്രകാരം ( Idukki cost index55.24- 2016-17)] അനുസരിച്ച് നിരക്ക് മീറ്ററിന് (328.58+55.24%) = 510.09/- | 2075 |
| അധികം നൽകിയത് | | | | | | | 2075 |

മേൽ പ്രവൃത്തികൾക്ക് അധികം നൽകിയ തുക ₹22955/- അളവെടുത്ത് ബില്ല് തയ്യാറാക്കി നൽകിയ അസി. എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ ശരിയായ രീതിയിൽ നടപ്പാക്കുന്നുണ്ടോയെന്ന പരിശോധിക്കുവാനും ആവശ്യമായ മോണിറ്ററിംഗ് നടത്തുവാനും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യഥാസമയം ശ്രദ്ധിക്കേണ്ടതാണ്. ഖണ്ഡിക 3-9 ലെ പരാമർശം കൂടി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പ്രദേശം നേരിട്ട് സന്ദർശിക്കാതെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം അളവു പുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതും, ചെക്ക് മെഷർ ചെയ്യുന്നതും കൊണ്ടാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നതും സർക്കാർ പണത്തിന് നഷ്ടം സംഭവിക്കുന്നതും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മോണിട്ടറിംഗ് സമിതിയും വികസന സ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്തു ഭരണ സമിതിയും ഗൗരവമായി ഇക്കാര്യം നിരീക്ഷിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം & തീയത് | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 11-ാം വാർഡിൽ പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | 33/2017-18 18.03.2018 | 36733 | 36733 | ഇല്ല |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1997-98 | 3-39 | 2000-01 | ക്ലബുകൾക്ക് വർത്തമാന പത്രം | നിലവിൽ തുടരുന്നു |
| | 3-42 | 2000-01 | പദ്ധതി നിർവ്വഹണത്തിൽ | “ |

| | | | | |
|---|---|---|---|---|
| | | | വ്യാപക അഴിമതി | |
| | 3-42(1) | 2000-01 | കുഴൽ കിണർ നിർമ്മാണം | " |
| | 3-42(2) | 2000-01 | സിനി സ്റ്റുഡിയോ പാറമട റോഡ് നിർമ്മാണം | " |
| | 3-42(3) | 2000-01 | ടെയ് ലറിംഗ് യൂണിറ്റ് | " |
| | 3-42(4) | 2000-01 | ടെലിവിഷൻ പ്രോജക്ട് | " |
| | 3-42(5) | 2000-01 | ഏഴാം വാർഡിലെ ജലസേചന പദ്ധതി | " |
| | 3-42(6) | 2000-01 | കാപ്പിപ്പൊടി നിർമ്മാണ യൂണിറ്റ് | " |
| | 3-42(7) | 2000-01 | ഓട നിർമ്മാണം | " |
| | 3-42(8) | 2000-01 | അർണ്ണക്കൽ ക്ഷേത്രം – ശബരിമല റോഡ് ടാറിംഗ് | " |
| 2003-04 | 2-1 | 2006-07 | രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കാത്തത് | " |
| 2006-07 | 3-7 | 2010-11 5.2.21(1) | ജലസേചന പദ്ധതിക്ക് പാഴ്ചെലവ് | " |
| | 3-8 | 2010-11 5.2.21(2) | ജലസേചന പദ്ധതി – പാഴ്ചെലവ് | " |
| | ലഘു അവലോകന റിപ്പോർട്ട് | 2014-15 4.1.14 | ഇ-ടോയ് ലെറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുത്തുന്നില്ല | " |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)** ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2001-02 | 6 | ശ്രീ പി.കെ വിജയൻ, സെക്രട്ടറി | LF.8508/ Spl.cell/ SC2/ 05(1) dt. 8.12.05 | 18403 | | | | | | 18403 | |

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അട വാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവ ഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവ ശേഷി ക്കുന്ന തുക/ ബാധ്യത | റിമാർ ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 32(2), 33, 42, 43, 44, 46, 47 | എ. എഡിസൺ, സെക്രട്ടറി | LF.9389/ spl.cell SC2/02 dated 30.06.03 | 14195 | | | | | | 14195 | |
| 2 | 1999-00 | 35, 46(a), 57 | എം. കറുപ്പ് സാമി, | LF.6866/ SC2/03 dated 25.2.04 | 4914 | | | | | | 4914 | |
| 3 | | | എ. എഡിസൺ, സെക്രട്ടറി | LF.6866/ SC2/03 dated 15.3.04 | 7300 | | | | | | 7300 | |
| 4 | 2005-06 | 3-7 | റോബിൻസൺ, സെക്രട്ടറി | LF.17353/ spl.cell/ SC2/09 dated 02.12.10 | 26626 | | | | | | 26626 | |
| 5 | 2007-08 | 3-1 part | കെ.കെ. ശശിധരൻ പിള്ള, എഇ | LF.14934/ spl.cell/ CSC/ C1/12 dated 22.2.14 | 2907 | | | | | | 2907 | |
| 6 | | | എസ്. രാജേന്ദ്രൻ, എഇ | LF.14934/ spl.cell/ CSC/ C1/12 dated 22.2.14 | 2907 | | | | | | 2907 | |
| 7 | 2011-12 | 3-2 | ശ്രീ എ. സി. മനോജ്, വി. ഇ.ഒ | KSA 12588/Spl. Cell/CSC /C1/2015 | 28490 | | | | | | 28490 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | dated 6.12.2017 | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹128558008 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹135824091 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹2900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹45638 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4882662 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4(ബി) | 2900 | | ശ്രീ. ജോർജ്ജ് ജോസഫ്, സെക്രട്ടറി |
| 3-1 | | 18373 | ശ്രീ. ജോർജ്ജ് ജോസഫ്, സെക്രട്ടറി |
| 3-3 | | 4310 | ശ്രീ. ജോർജ്ജ് ജോസഫ്, സെക്രട്ടറി |
| 3-11 | | 22955 | ശ്രീ. രമേശൻ, തുമ്പറത്തുകുടിയിൽ, ഭൂതത്താൻകെട്ട് പി.ഒ., ചെങ്കര |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 170882 | ജോർജ്ജ് ജോസഫ്, സെക്രട്ടറി |
| 3-4 | 320000 | ശ്രീ. പ്രശാന്ത് ബി, കൃഷി ഓഫീസർ |
| 3-5 | 3610000 | ശ്രീ. ആർ. മോഹൻ, വി.ഇ.ഒ. |
| 3-5 | 200000 | ശ്രീ. കെ.എം. ജ്യോതിസ്, വെറ്ററിനറി സർജൻ |
| 3-5 | 36733 | ശ്രീ. ജോർജ്ജ് ജോസഫ്, സെക്രട്ടറി |
| 3-8 | 545047 | ഡോ. ഡോൺ ബോസ്കോ, മെഡിക്കൽ ഓഫീസർ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജോർജ്ജ് ജോസഫ്, സെക്രട്ടറി | ശ്രീ. ജോർജ്ജ് ജോസഫ്, സെക്രട്ടറി, ഉടമ്പന്നൂർ ഗ്രാമപഞ്ചായത്ത് | തൊട്ടിയിൽ ഹൗസ്, തട്ടക്കുഴ പി.ഒ., ഇടുക്കി ജില്ല |
| ശ്രീ. പ്രശാന്ത് ബി, കൃഷി ഓഫീസർ | | പാൻചിറകിഴക്കുംകര പുത്തൻവീട് വലിയറ, വെള്ളനാട് പി.ഒ., തിരുവനന്തപുരം |
| ശ്രീ. ആർ. മോഹൻ, വി.ഇ.ഒ | | ശ്രീഭവൻ, ശാന്തിനഗർ, വണ്ടിപ്പെരിയാർ |
| ശ്രീമതി. കെ.എം. ജ്യോതിസ്, വെറ്ററിനറി സർജൻ | | കുറ്റിയാത്ത് ഹൗസ്, വാഴൂർ പി.ഒ., കൊട്ടങ്ങൂർ |
| ശ്രീ. ഡോൺ ബോസ്കോ, മെഡിക്കൽ ഓഫീസർ | | ചേലത്തറ ഹൗസ്, അർത്തുങ്കൽ പി.ഒ., ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക |
|---|---|---|---|
| 1968-69 | എൽ.എഫ്.ഐ-5/964/80 /20.02.1997 | | |
| 1996-97 | എൽ.എഫ്.ഐ-6/401/98 /30.01.1999 | | |
| 1997-98 | എൽ.എഫ്.ഐ-6/25/2000/ 03.07.2004 | 5 | 3,11,24,30,42,3-39 |
| 1998-99 | എൽ.എഫ്.ഐ-6/ 131/01/26.03.2001 | 14 | 20(സി),25,26,30, 32,33,35,37,42,43, 44,45,46,47 |
| 1999-00 | എൽ.എഫ്.ഐ-6/ 82/03/14.03.2003 | 24 | 9,13,14,20,21,22, 23,24,25,30,31, 35,34,40,41,42,46, 50,51,53,54,55, 56,57,58,50,60 |
| 2000-01 | എൽ.എഫ്.ഐ-6/ 737/02/27.06.2003 | 34 | 20-53 |
| 2001-02 | എൽ.എഫ്.ഐ-6/ 718/03 /13.10.2004 | 11 | 2-1(എ), 2-6, 2-9-2-11, 2-16-2-20, 3-17 |
| 2002-03 | എൽ.എഫ്.ഐ-6/ 456/05/07.02.2006 | 16 | 2-10,3-7-3-9, 3-11,3-14,3-19,3-20-3-25, 3-27,3-29,3-30 |
| 2003-04 | എൽ.എഫ്.ഐ-6/ 863/06/01.03.2007 | 5 | 3-2,3-4-3-7 |
| 2004-05 | എൽ.എഫ്.ഐ-6/ | 2 | 3-1, 3-2 |

| | | | |
|---|---|---|---|
| | 933/07/05.04.2008 | | |
| 2005-06 | എൽ.എഫ്.ഐ-6/ 488/08/12.01.2008 | 14 | 2-3, 2-4,3-2-3-13 |
| 2006-07 | എൽ.എഫ്.ഐ-6/ 391/11/20.07.2011/ 29.09.2011 | 19 | 2-2, 2-3,2-4,2-5, 2-6,2-7,2-8,2-9, 3-1,3-2,3-3,3-4,3-5,3-6, 3-7,3-8,3-9, 3-10,3-11 |
| 2007-08 | എൽ.എഫ്.ഐ-6/299/2012 /01.06.2012 05.07.2012 | 13 | 2-2,2-3,2-4,2-5, 2-6,2-7,3-1,3-2, 3-3,3-4,3-5,3-6,3-8 |
| 2008-09 | എൽ.എഫ്.ഐ-8/1225 /11/15.106.2013 /13.01.2014 | 15 | 2-1,2-2,2-3,2-4, 2-5,3-1,3-2,3-3, 3-4,3-5,3-6,3-7, 3-8,3-9,3-10 |
| 2009-10 | എൽ.എഫ്.ഐ-8/875/12 /15.10.2013/08.01.2014 | 15 | 2-2,2-3,2-4,3-1, 3-2,3-3,3-4,3-5, 3-6,3-7,3-8,3-9, 3-10,3-11,3-12 |
| 2010-11 | എൽ.എഫ്.ഐ-8/520/20 /06.06.2014/17.09.2014 | 9 | 2-1,3-1,3-2,3-3, 3-4,3-5, 3-6,3-7,3-8 |
| 2011-12 | എൽ.എഫ്.ഐ-8/366/2015/10.06.2015 | 20 | 2-2,2-4,3-1, 3-2, 3-3,3-4,3-5, 3-6,3-7,3-8, 3-9, 3-10,3-11,3-12, 3-13,3-14,3-15, 3-16,3-17,3-18 |
| 2012-13 | എൽ.എഫ്.ഐ-8/1128 /2015/31.12.2015 | 4 | 2-4,3-1,3-2,3-3 |

| | | | |
|---|---|---|---|
| 2013-14 | കെ.എസ്.എ.-ഐ.ഡി.കെ. 8/1140/15/തീ.31.08.2016 | 15 | 2-1,2-2,3-1,3-2,3-3, 3-4,3-5,3-6,3-7, 3-8,3-9,3-10,3-11, 3-12,3-13,3-14 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ- 8/289/2017 /തീ.14.03.2017 | 16 | 2-1,2-2,2-3,2-4, 2-5,2-6,2-7, 2-8,2-9,2-10, 2-11,3-1, 3-2,3-3,3-4,3-5 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ- 6/506/2017തീ.19.04.2017 | 10 | 2-1,2-2,3-1,3-3,3-5, 3-6,3-7,3-8,3-9,3-10 |
| 2016-17 | കെ.എസ്.എ,ഐ.ഡി.കെ- 6/1647/2017 തീ 21.03.2018 | 14 | 2-1,2-2,2-3,2-4,2-5, 3-1,3-2,3-5,3-6, 3-7,3-8,3-9,3-10,3-13 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-ഐ.ഡി.കെ-6/1403/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി :31.01.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ

അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി